**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 444** | **15-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിയിറച്ചി ഉല്പാദന, വിപണന ശൃംഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം നൗഷാദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോഴിയിറച്ചി ഉല്പാദന, വിപണന ശൃംഖലയെ അയൽ സംസ്ഥാനങ്ങളിലെ വൻകിട കച്ചവടക്കാർ നിയന്ത്രിച്ചിരുന്ന സാഹചര്യത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ പരിഹാരം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **കോഴിയിറച്ചിയുടെ അമിതവിലയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും സംശുദ്ധമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും കേരളത്തിലെ ആഭ്യന്തരവിപണിയുടെ അമ്പത് ശതമാനം ഇറച്ചിക്കോഴി സംസ്ഥാനത്തിനകത്ത് തന്നെ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനുള്ള സർക്കാർ പദ്ധതിയാണ് കേരള ചിക്കൻ പദ്ധതി. ഇതിലൂടെ വിപണിയിലെ ഇടപെടൽ ഒരു ശതമാനത്തിൽ നിന്നും മൂന്നു ശതമാനം ആയി ഉയർന്നതായി കണക്കാക്കുന്നു. കേരള ചിക്കൻ എന്ന ബ്രാൻഡ് ഇറങ്ങുന്നതോടെ 10% വിപണി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.**<br><br>**കേരള ചിക്കൻ പദ്ധതി വഴി കുടുംബശ്രീയ്ക്കും പൊതു വിപണിയിലെ ഇറച്ചിക്കോഴി വില നിയന്ത്രിച്ചു നിർത്തുവാൻ സാധിച്ചിട്ടുണ്ട്.** |
| (ബി) | കോഴിത്തീറ്റയും ബ്രോയിലർ ഇനങ്ങളുടെയും മുട്ടക്കോഴികളുടെയും കുഞ്ഞുങ്ങളെയും ആവശ്യാനുസരണം ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ; | (ബി) | **കോഴിത്തീറ്റയുടെ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഉയർന്ന ഉല്പാദന ചിലവും കാരണം സംസ്ഥാനത്ത് കോഴിത്തീറ്റ ഉത്പാദനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാധ്യമാകുന്നില്ല .**<br><br>**പൊതുമേഖലാ സ്ഥാപനമായ കേരളഫീഡ്സ് ലിമിറ്റഡ് മുട്ടക്കോഴികൾക്കായി അതുല്യം, ഗ്രോവർ, ലയർ, കൈരളി എന്നീ ബ്രാൻഡുകളിൽ പൊടിരൂപത്തിലുള്ള കോഴിത്തീറ്റയും കോഴികുഞ്ഞുങ്ങൾക്കായി പൊടി രൂപത്തിലുള്ള ചിക്ക് മാഷ് ഫീഡും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.**<br><br>**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) കോഴിത്തീറ്റ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നില്ല. ബ്രോയിലർ ഇനങ്ങളുടെ ഉൽപ്പാദനത്തിൽ** |

| | | | |
|---|---|---|---|
| | | | **മൃഗസംരക്ഷണ വകുപ്പിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും പരിമിതമായ പ്രവർത്തനമാണ് നിലവിലുള്ളത്. വകുപ്പിന്റെ ഫാമുകളിൽ ഇറച്ചി കോഴികളെ വളർത്തുന്നില്ല. മുട്ടക്കോഴി ഇനങ്ങളുടെ ഉൽപ്പാദനത്തിലും വിതരണത്തിലും വകുപ്പിന്റെ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് ആവശ്യമായ അളവിൽ ഉൽപ്പാദനം സാധ്യമാകുന്നില്ല. സ്ഥല പരിമിതിയും കെട്ടിടങ്ങളുടെ കുറവുമാണ് ഇതിനു കാരണം.**<br><br>**ബ്രോയിലർ ഇനങ്ങളുടെയും മുട്ടക്കോഴികളുടെയും കുഞ്ഞുങ്ങളെ ആവശ്യകതയ്ക്കനുസരിച്ച് വിതരണം ചെയ്യാൻ ആകുന്നില്ലെങ്കിലും കെപോകോയിൽ രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് ഇവ ആവശ്യാനുസരണം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.** |
| (സി) | ഈ രംഗത്ത് കെപ്കോയുടെ ഇടപെടൽശേഷി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | **ഉണ്ട്;**<br><br>**കെപ്കോയുടെ ഇടപെടൽ ശേഷി വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം കുടപ്പനക്കുന്നിൽ നിർമ്മിക്കുന്ന ഇറച്ചി കോഴി പ്രജനന കേന്ദ്രത്തിന്റെ പ്രവർത്തനം തുടങ്ങുമ്പോൾ പ്രതിമാസം മുപ്പതിനായിരത്തോളം കുഞ്ഞുങ്ങളെ കൂടുതലായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയും. ഇതിന്റെ പ്രവർത്തനങ്ങളുമായി കെപ്കോ മുന്നോട്ട് പോകുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ